വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ മേഖലാ കാര്യാലയവും സ്റ്റേഷൻ ഓഫീസും കണ്ണൂർ ജില്ലയിലെ കൊറ്റിയത്തുനിന്ന് 17-2-2003-ൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ കടവിൽ ആരംഭിക്കുകയും അവിടെനിന്നും ഐ.ടി.-കൊറ്റി-കോട്ടപ്പുറം റൂട്ടിലും ഐ.ടി.-പടന്ന-കൊറ്റി റൂട്ടിലും രണ്ട് സർവ്വീസുകൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ 22-9-2004-ൽ ഐ.ടി. തയ്യിൽ സൗത്ത് -മാവിലാടം കടപ്പുറം റൂട്ടിൽ മൂന്നാമതായി ഒരു സർവ്വീസുംകൂടി താൽക്കാലികമായി വകുപ്പ് ആരംഭിച്ചുവെങ്കിലും യാത്രക്കാർ ഗണ്യമായി കുറയുകയും മതിയായ വരുമാനം ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഏകദേശം രണ്ടുവർഷത്തിനു ശേഷം 10-8-2006 മുതൽ ടി സർവ്വീസ് തുടർന്ന് നടത്താൻ സാധിച്ചില്ല. നിലവിൽ 2010-ൽ ഓരിക്കടവ്-മാവിലാടം പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതുവഴി യാത്രക്കാരുടെ മറ്റ് യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എനിക്ക് ഡിപ്പാർട്ടുമെന്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളാണ്. അങ്ങ് ഇവിടെ പറഞ്ഞകാര്യം, കുറച്ചുകൂടി വ്യത്യസ്തമാണ്. അവിടെ 25000-ത്തോളം ആളുകൾ ഒരു തുരുത്തുപോലുള്ള സ്ഥലത്ത് ജീവിക്കുന്നു. അവർക്ക് പുറംലോകത്തേക്ക് കടന്നുപോകുന്നതിന് മാർഗമില്ല. അതിനൊരു കണക്ടിവിറ്റിയുണ്ടാക്കണമെന്ന് അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഓരി-മാവിലാടം കടപ്പുറംപാലം പണിയുന്നതുമായി ബന്ധപ്പെട്ട് പുഴയ്ക്ക് കുറുകേ ബണ്ട് കെട്ടിയതിനാൽ വകുപ്പിന് 1-4-2007 മുതൽ മാവിലാടം മുതൽ കോട്ടപ്പുറം വരെയുള്ള സർവ്വീസ് നിർത്തിവയ്ക്കേണ്ടിവന്നു. ആയതിന് പകരമായി മേൽപ്പടി പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് കൊറ്റി-കോട്ടപ്പുറം സർവ്വീസ്, കൊറ്റി-മാവിലാടം കടപ്പുറമായി സർവ്വീസ് നടത്തിവരുന്നു. ഇപ്പോൾ രണ്ട് സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. ഈ നിയമസഭാ സമ്മേളനം തീരുന്നതിനുമുമ്പ് അങ്ങയെയും വാട്ടർ ട്രാൻസ്പോർട്ടിന്റെ ആളുകളെയുംകൂടി വിളിച്ച് ഇതിനെക്കുറിച്ച് കൂട്ടായ ചർച്ച നടത്താം. അവിടത്തെ യാത്രാപ്രശ്നത്തോട് പോസിറ്റീവായിട്ടാണ് പ്രതികരിക്കേണ്ടത്. ഈ പ്രശ്നം ചർച്ചനടത്തി പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

## 9. സരയു ടൂറിസം പദ്ധതി

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലത്തിലെ താന്ന്യം പഞ്ചായത്തിൽ 5-8-2012-ന് സരയു ടൂറിസം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ നിർവ്വഹിച്ചു. ഈ പദ്ധതിയുടെ നിർമ്മാണം ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇപ്പോഴും മുടങ്ങിക്കിടക്കുകയാണ്. 15-2-2013-ന് 1447/2012/സി.എ/എ.എം.എ.എസ്.ആർ. നമ്പർ ഫയൽ പ്രകാരം കോമ്പീറ്റന്റ് അതോറിറ്റി, കേരള, തൃശ്ശൂർ ഡി.ടി.പി.സി. ചെയർമാന് കത്തയച്ച് ആവശ്യപ്പെട്ട ആറിനം രേഖകൾ 16 മാസങ്ങൾക്കുശേഷവും നൽകിയിട്ടില്ലെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അറിയുന്നത്. ഈ ഗുരുതരമായ കൃത്യവിലോപം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻവേണ്ട സത്വരനടപടികൾ സ്വീകരിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, തൃപ്രയാർ ശ്രീരാമക്ഷേത്രത്തിന് സമീപത്തുകൂടി കടന്നുപോകുന്ന നദിയുടെ തീരപ്രദേശത്തിന്റെ നവീകരണവും സംരക്ഷണവുമാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. 30-8-2010-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം സരയുതീരം ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. 12-5-2012-ൽ അതിന്റെ ഉദ്ഘാടനവും നടത്തുകയുണ്ടായി. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആർക്കിയോളജി വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. ഈ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭിക്കാനുള്ള അപേക്ഷ എല്ലാ രേഖകളും സഹിതം നൽകാൻ ഡി.ടി.പി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ഫോറം 1-ൽ അപേക്ഷയോടൊപ്പം പ്രോജക്ടിന്റെ വിശദമായ പ്ലാൻ, ഗൂഗിൾ മാപ്പ്, പ്രോജക്ട് സൈറ്റിന്റെ ഫോട്ടോകൾ, പ്രോജക്ട് സൈറ്റും തൃപ്രയാർ ക്ഷേത്രവും തമ്മിലുള്ള ദൂരം രേഖപ്പെടുത്തുന്ന രൂപരേഖ, ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സാക്ഷ്യപത്രം എന്നീ രേഖകളാണ് നൽകേണ്ടത്. ഇതിൽ പ്രോജക്ട് സൈറ്റും തൃപ്രയാർ ക്ഷേത്രവും തമ്മിലുള്ള ദൂരം രേഖപ്പെടുത്തുന്ന രൂപരേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന സാക്ഷ്യപത്രവും റവന്യൂ വകുപ്പിൽനിന്നുമാണ് ലഭിക്കേണ്ടത്. ഇത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ ലഭിക്കുമെന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അറിയിച്ചിട്ടുണ്ട്. അവ ലഭിച്ചശേഷം ബാക്കിയെല്ലാ രേഖകളും സഹിതം ഉടൻതന്നെ ആർക്കിയോളജി വകുപ്പിന് അപേക്ഷ നൽകി ആ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനുമതി ലഭിച്ചാലുടൻതന്നെ സരയുപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**10. വൃദ്ധജനങ്ങളുടെ പുനരധിവാസം**

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ വളരെ ഗൗരവതരമായ ഒരു സാമൂഹ്യ പ്രശ്നമാണ് ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നത്. വൃദ്ധജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. വൃദ്ധജനങ്ങൾ അനാഥരായി ബസ് സ്റ്റാൻഡിലും മറ്റ് പ്രാന്തപ്രദേശങ്ങളിലുമൊക്കെ കിടക്കുന്നതും ആരാലും ശ്രദ്ധിക്കപ്പെടാതെ മരണപ്പെടുന്നതുമായ സംഭവങ്ങൾ ഏതുദിവസത്തെ പത്രമെടുത്ത് പരിശോധിച്ചാലും ആ പത്രങ്ങളുടെയൊക്കെ പ്രാധാനപ്പെട്ട കോളത്തിൽ കാണുന്ന ഒരു വാർത്തയാണ്. ഈ അടുത്ത കാലത്ത് തൃശ്ശൂരിലെ കുട്ടനെല്ലൂർ പാലത്തിനു താഴെ അനാഥരായ നിലയിൽ ഒരു വൃദ്ധ മാതാവിനെയും പിതാവിനെയും കണ്ടതായ വാർത്ത മനോരമ ചാനലിൽ കാണുകയുണ്ടായി. ഇതുപോലെയുള്ള വാർത്തകൾ എല്ലാ ചാനലിലും സ്ഥിരം വന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly